**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4247** | **18-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ കടന്നപ്പള്ളി ചിറ്റന്നൂരിലെ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി വില്ലേജിൽ ചിറ്റന്നൂർ വാർഡിൽ ചെങ്കുത്തായ കുന്നുകളിൽ ഖനനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കടന്നപ്പള്ളി വില്ലേജിൽ റീ.സർവെ നമ്പർ 168/104, 168/105 ശ്രീ.മാത്യു മടക്കുടിയൻ ബഞ്ചമിൻ, മടക്കുടിയൻ ഹൗസ്, വിളയൻകോട് പി.ഒ, കണ്ണൂർ എന്നയാൾക്ക് മാത്രമാണ് 2022 ൽ 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം 909.27 ഘന മീറ്റർ മണ്ണ് പുറത്ത് കൊണ്ട് പോകുന്നതിന് 13.05.2022 മുതൽ 30.06.2022 വരെ കാലാവധിയിൽ 364 ട്രാൻസിറ്റ് പാസുകൾ നൽകിയിട്ടുള്ളത്. ആയതിനു ശേഷം അപേക്ഷ പുതുക്കി നൽകിയിട്ടില്ല. |
| (ബി) | വീട് നിർമ്മാണത്തിനായി അനുമതിയോടെ മണ്ണെടുത്ത പ്ലോട്ടിൽ നിന്ന് വീണ്ടും മറ്റൊരു പ്ലാൻ ഉണ്ടാക്കി ഖനനം തുടരാൻ മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. KMMC ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ മണ്ണ് മാറ്റുന്നതിന് അനുമതി നൽകുന്നതിന് കഴിയുകയുള്ളൂ. |
| (സി) | ഖനനാനുമതിക്കായി ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഈ വിഷയത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ